ഉത്തരം

(എ, ബി) കരിങ്കൽക്വാറി തൊഴിലാളിയായ കെ. സോമൻ (കരിമ്പിൻകുഴി വീട്, മണലയം, കൊടുങ്ങാനൂർ പി. ഒ, തിരുവനന്തപുരം) അപകടം സംഭവിച്ചതിനെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് 1999-ൽ ലഭിച്ച ഹർജിയിൽമേൽ അന്വേഷണം നടത്തിവരികയാണ്. അന്വേഷണ റിപ്പോർട്ട് ലഭിച്ചാലുടൻ ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

കേരള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

42 (3232) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി. എസ്. സി നടത്തിയ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ, തിരുവനന്തപുരം ജില്ലയിലെ എച്ച്. എസ്. എ. മലയാളം എന്നിവയുടെ റാങ്ക് ലിസ്റ്റുകൾ എന്ന് പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ തസ്തികളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ എത്രവീതം ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

അസിസ്റ്റന്റ് ആർകിടെക്റ്റ് പരീക്ഷ നടത്തുന്നതിനുള്ള കാലതാമസം

43 (3233) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തുവകുപ്പിൽ അസിസ്റ്റന്റ് ആർകിടെക്റ്റ് തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിന് 1995-ൽ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ അപേക്ഷ പ്രകാരം ഇതിനുള്ള പരീക്ഷ നടത്താതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേന്റെ നിവേദനം

44 (3234) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സ്വാതന്ത്ര്യസമരസേനാനികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരളാ സ്റ്റേറ്റ് ഫ്രീഡം ഫൈറ്റേഴ്സ് അസോസിയേഷൻ ഗവൺമെന്റിന് നിവേദനം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly